പതിമൂന്നാം കേരള നിയമസഭ

# പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ച സമിതി
(2014-2016)

## എൺപത്തി ഒൻപതാമത് റിപ്പോർട്ട്

(2015 ജൂലൈ 2 -ാം തീയതി സഭയിൽ സമർപ്പിച്ചത്)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2015

പതിമൂന്നാം കേരള നിയമസഭ

പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ച സമിതി
(2014-2016)

എൺപത്തി ഒൻപതാമത് റിപ്പോർട്ട്

കേരള സംസ്ഥാന റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷനെക്കുറിച്ചുള്ള
സ്വതന്ത്രപഠനം സംബന്ധിച്ച്.

## <u>ഉള്ളടക്കം</u>


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | : | |
| ആമുഖം | : | |
| റിപ്പോർട്ട് | : | |

## സമിതിയുടെ ഘടന (2014-16)

**അദ്ധ്യക്ഷൻ:**

ശ്രീ. കെ. എൻ. എ. ഖാദർ

**അംഗങ്ങൾ:**

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

ശ്രീ. എ. എ. അസീസ്

ശ്രീ. പി. കെ. ഗുരുദാസൻ

ഡോ. എൻ. ജയരാജ്

ശ്രീ. എളമരം കരീം

ശ്രീ. ടി. എൻ. പ്രതാപൻ

ശ്രീ. പാലോട് രവി

ശ്രീ. എസ്. ശർമ്മ

ശ്രീ. പി. തിലോത്തമൻ

ശ്രീ. പി. സി. വിഷ്ണുനാഥ്

**നിയമസഭാ സെക്രട്ടേറിയറ്റ്:**

ശ്രീ. പി. ഡി. ശാരംഗധരൻ, സെക്രട്ടറി

ശ്രീമതി പി. കെ. ഗിരിജ, അഡീഷണൽ സെക്രട്ടറി

ശ്രീമതി എം. ആർ. മഹേശ്വരി, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. പി. എസ്. സെൽവരാജൻ, അണ്ടർ സെക്രട്ടറി

## ആമുഖം

പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ച സമിതി (2014-16) യുടെ അദ്ധ്യക്ഷനായ ഞാൻ, സമിതി (2008-11) യുടെ കേരള സംസ്ഥാന റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷനെ സംബന്ധിച്ച 97 -ാ മത് സ്വതന്ത്ര പഠന റിപ്പോർട്ടിലെ ശിപാർശകളിൽ സർക്കാർ സ്വീകരിച്ച നടപടി പത്രികയെ ആസ്പദമാക്കി തയ്യാറാക്കിയ 89 -ാ മത് റിപ്പോർട്ട് സഭയിൽ സമർപ്പിക്കുന്നു.

പ്രസ്തുത റിപ്പോർട്ടിലെ ശിപാർശയിന്മേൽ സർക്കാർ സ്വീകരിച്ച നടപടി പത്രിക 23-12-2014 ന് ചേർന്ന സമിതി യോഗം പരിഗണിച്ചു.

സമിതി (2014-16) യുടെ 89 -ാ മത് റിപ്പോർട്ട് 19-6-2015 -ലെ യോഗത്തിൽ പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

തിരുവനന്തപുരം
2- 7-2015.

കെ. എൻ. എ. ഖാദർ,
ചെയർമാൻ,
പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ച സമിതി.

<u>റിപ്പോർട്ട്</u>

പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ച സമിതി (2008-11) യുടെ കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷനെ സംബന്ധിച്ച 97 -ാമത് സ്വതന്ത്ര പഠന റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടി ഉൾക്കൊള്ളുന്നതാണ് ഈ റിപ്പോർട്ട്

സമിതി (2008-11) യുടെ തൊണ്ണൂറ്റി ഏഴാമത് റിപ്പോർട്ട് 2011 ഫെബ്രുവരി 22 -ാം തീയതി സഭയിൽ സമർപ്പിച്ചു. റിപ്പോർട്ടിൽ 47 ശിപാർശകൾ ഉൾപ്പെട്ടിരുന്നു. പ്രസ്തുത ശിപാർശകളിന്മേൽ സർക്കാരിൽ നിന്നും ലഭിച്ച നടപടി പത്രിക 23-12-2014 -ലെ സമിതി യോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു സമിതിയുടെ ശിപാർശകളും അതിനു സർക്കാരിൽ നിന്ന് ലഭിച്ച മറുപടിയും ഈ റിപ്പോർട്ടിൽ ഉൾപ്പെട്ടിരിക്കുന്നു.

| ക്രമ നം. | ഖണ്ഡിക നമ്പർ | വകുപ്പ് | ശിപാർശകൾ/ നിർദ്ദേശങ്ങൾ | സ്വീകരിച്ച നടപടി |
|---|---|---|---|---|
| (1) | (2) | (3) | (4) | (5) |
| 1 | 14 | ഗതാഗതം | ബോർഡ് യോഗങ്ങൾ നടത്തേണ്ട ചുമതല കോർപ്പറേഷൻ സെക്രട്ടറിയിൽ നിക്ഷിപ്തമാണ്. അതുപോലെ സോണൽ മീറ്റിംഗ്, യൂണിറ്റ് മന്തിലി മീറ്റിംഗ്, യൂണിറ്റ് ഡെയിലി മീറ്റിംഗ് എന്നിവ ചേരുന്നതിനുള്ള ഉത്തരവാദിത്വം പ്രത്യേക ഉദ്യോഗസ്ഥരിൽ നിക്ഷിപ്തമാക്കുകയും അതിന് പ്രത്യേക സമയക്രമം നിശ്ചയിക്കുകയും ചെയ്യേണ്ടതാണെന്നും സമിതി ശുപാർശ ചെയ്യുന്നു. | കോർപ്പറേഷനിലെ ബോർഡ് യോഗങ്ങളുടെ കൺവീനറായി പ്രവർത്തിക്കുന്ന സെക്രട്ടറിയാണ് യോഗങ്ങൾ നടത്തുന്നത്. രണ്ടു യോഗങ്ങൾ തമ്മിൽ മൂന്ന് മാസത്തിൽ കൂടുതൽ അന്തരമുണ്ടാകാറില്ല. സോണൽ മീറ്റിംഗുകൾ സോണൽ ഓഫീസർമാരും, യൂണിറ്റ്തല പ്രതിമാസ യോഗങ്ങളും പ്രതിദിന യോഗങ്ങളും അതാത് ഓഫീസ് യൂണിറ്റിലെ അധികാരികളുമാണ് നടത്തുന്നത്. യൂണിറ്റിലെ പ്രതിമാസ യോഗങ്ങളും പ്രതിദിന യോഗങ്ങളും യൂണിറ്റ് അധികാരിയുടെ അഭാവത്തിൽ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ നടത്തുന്നതാണ്. പ്രതിമാസ യോഗങ്ങൾ മാസത്തിലെ നാലാമത്തെ ശനിയാഴ്ചയും, പ്രതിദിന യോഗങ്ങൾ വൈകുന്നേരം മൂന്ന് മണിക്കും സ്ഥിരപ്പെടുത്തി നിശ്ചയിച്ചാണ് നടക്കുന്നത്. |
| 2 | 15 | ഗതാഗതം | കെ.എസ്.ആർ.ടി.സി. ഭരണസമിതിയുടെ ഘടന പരിശോധിച്ചതിൽ സാങ്കേതിക വിദഗ്ദ്ധർ, സാമ്പത്തിക വിദഗ്ദ്ധർ എന്നിവരുടെ അഭാവം സമിതിക്ക് ബോദ്ധ്യപ്പെട്ടിട്ടുണ്ട്. ഇവരുടെ അഭാവംമൂലം സങ്കീർണ്ണമായ സാങ്കേതിക/സാമ്പത്തിക കാര്യങ്ങളിൽ | ഇന്ത്യൻ സിവിൽ സർവ്വീസിലെ രണ്ട് മുതിർന്ന ഉദ്യോഗസ്ഥരും ധനകാര്യ വകുപ്പിലെ അഡീഷണൽ സെക്രട്ടറി കൂടിയായ ഫിനാൻഷ്യൽ അഡ്വൈസർ & ചീഫ് അക്കൗണ്ട്സ് ഓഫീസറും ഉൾപ്പെടുന്ന ഭരണസമിതിയാണ് ഇപ്പോൾ കെ.എസ്.ആർ.ടി.സി. യ്ക്ക് ഉള്ളത്. |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| | | | തീരുമാനമെടുക്കുന്നതിന് ഭരണസമിതികൾക്ക് കഴിയുന്നില്ല. ഈ സാഹചര്യത്തിൽ ഭരണസമിതിയിൽ സാങ്കേതിക/സാമ്പത്തിക വൈദഗ്ദ്ധ്യമുള്ളവരെ അംഗങ്ങളാക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. | |
| 3 | 36 | ഗതാഗതം | പെൻഷൻ ആനുകൂല്യങ്ങൾക്കായി വലിയൊരു തുക തന്നെ ആവശ്യമായി വരുന്ന സാഹചര്യത്തിൽ, കെ.എസ്.ആർ.ടി.സി. യുടെ ഇന്നത്തെ സാമ്പത്തിക സ്ഥിതി അനുസരിച്ച് ഫലപ്രദമായി നടത്തിക്കൊണ്ട് പോകാൻ സാധിക്കുന്നില്ല. ഇതിനു വേണ്ട ബഡ്ജറ്ററി സ്പ്പോർട്ട് സർക്കാർ നൽകണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. | 2010-11 സാമ്പത്തിക വർഷം '7055-00-190-99 ലോൺ ടു KSRTC (NP)' എന്ന ശീർഷകത്തിൽ കെ.എസ്.ആർ.ടി.സി. യുടെ പ്രവർത്തന മൂലധന ആവശ്യത്തിനായി 160 കോടി രൂപയും 2011-12 സാമ്പത്തിക വർഷം ഇതേ ശീർഷകത്തിൽ 140 കോടി രൂപയും വകയിരുത്തി നൽകിയിട്ടുണ്ട്. കൂടാതെ 2011-12 സാമ്പത്തിക വർഷം 32 കോടി രൂപ സർക്കാർ ഗ്രാന്റായും അനുവദിച്ചിട്ടുണ്ട്. ബസ് ചാർജ് വർദ്ധനയിലൂടെ കെ.എസ്.ആർ.ടി.സി. യുടെ വരുമാനവും ചെലവും തമ്മിലുള്ള അന്തരം കുറച്ചുകൊണ്ടുവരാനായിട്ടുണ്ട്. ഈ സാഹചര്യത്തിൽ കെ.എസ്.ആർ.ടി.സി. യുടെ പെൻഷൻ ബാധ്യതയും സാമൂഹിക പ്രതിബന്ധതയുടെ പേരിൽ നൽകി വരുന്ന ആനുകൂല്യങ്ങൾക്കുള്ള പ്രതിഫലവും അപ്പാടെ സർക്കാരിന് ഏറ്റെടുക്കാനാവില്ല എന്ന വിവരം സമിതിയെ അറിയിക്കുന്നു. |
| 5 | 45 | ഗതാഗതം | കർണാടക, തമിഴ്നാട്, പശ്ചിമ ബംഗാൾ തുടങ്ങിയ സംസ്ഥാനങ്ങളിൽ സാമൂഹ്യ ബാധ്യതയുടെ അടിസ്ഥാനത്തിൽ വരുന്ന ചെലവ് അതാത് സംസ്ഥാനങ്ങൾ തന്നെ വഹിക്കുന്ന രീതിയാണുള്ളതെന്ന വസ്തുത സമിതി ഈ അവസരത്തിൽ ഓർമ്മിക്കുന്നു. ആയതിനാൽ ഇനിയുള്ള ബഡ്ജറ്റിൽ എങ്കിലും ഈ തുക സർക്കാരിന്റെ പ്ലാൻ | |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| | | | ഫണ്ടിൽ ഉൾപ്പെടുത്തുന്ന കാര്യം പരിഗണിക്കണം എന്ന് സമിതി ശുപാർശ ചെയ്യുന്നു. | |
| 4 | 37 | ഗതാഗതം | ഗ്രാറ്റുവിറ്റി ഇനത്തിൽ ഇനിയും കുടിശ്ശിക ഉള്ളത് നിശ്ചിത സമയപരിധിയിൽ കൊടുത്ത് തീർക്കണമെന്ന അധിക നിർദ്ദേശവും സമിതി മുന്നോട്ട് വയ്ക്കുന്നു. | ഗ്രാറ്റുവിറ്റി അടക്കമുള്ള പെൻഷൻ ആനുകൂല്യങ്ങളുടെ കുടിശ്ശിക തീർക്കണമെന്ന സമിതിയുടെ നിർദ്ദേശം നടപ്പിൽ വരുത്തിയതിന്റെ ഭാഗമായി ടി വിഷയവുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട സുപ്രീം കോടതി ഉത്തരവിന് വിധേയമായും കെ.എസ്.ആർ.ടി.സി. യിലെ പെൻഷൻ ആനുകൂല്യങ്ങൾ നൽകുന്നതിലേക്കായി മൊത്തം ടിക്കറ്റ് വരുമാനത്തിന്റെ 10% ഒരു പ്രത്യേക ട്രഷറി അക്കൗണ്ടിലേക്ക് ഒടുക്കുന്നുണ്ട്. ഇപ്പോൾ 31-3-2010 വരെ വിരമിച്ച ജീവനക്കാരിൽ പകുതിയോളം പേരുടെ പെൻഷൻ ആനുകൂല്യങ്ങൾ കൊടുത്തു തീർന്നിട്ടുണ്ട്. 2011-12 സാമ്പത്തിക വർഷത്തിന്റെ അവസാനത്തോടെ വിരമിച്ച എല്ലാ ജീവനക്കാർക്കും അവരുടെ ആനുകൂല്യം കൊടുത്ത് തീർക്കുവാൻ കഴിയും. |
| 6 | 46 | ഗതാഗതം | എഴുപത് വയസ്സു കഴിഞ്ഞ മുൻ എം.എൽ.എ മാരെ അനുഗമിക്കുന്ന സഹായിക്ക് കെ.എസ്.ആർ.ടി.സി. സൗജന്യ പാസ് അനുവദിച്ചിട്ടുണ്ട്. അതുപോലെ എഴുപതു വയസുകഴിഞ്ഞ എം.എൽ.എ മാരെ അനുഗമിക്കുന്ന സഹായിക്കും സൗജന്യ പാസ് അനുവദിക്കണമെന്ന് സമിതി ശുപാർശ | എഴുപത് വയസു കഴിഞ്ഞ മുൻ എം.എൽ.എ മാരെ അനുഗമിക്കുന്ന സഹായിക്ക് പാസ് അനുവദിക്കുന്നത് സംബന്ധിച്ച് ഡയറക്ടർ ബോർഡിന്റെ അഭിപ്രായവും അനുമതിയും നേടേണ്ടതുണ്ട്. അതിനാൽ ടി ശുപാർശ ബോർഡിന്റെ പരിഗണനയ്ക്കും , തീരുമാനത്തിനുമായി സമർപ്പിക്കുവാനുള്ള നടപടി സ്വീകരിച്ചു വരുന്നു. |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| | | | ചെയ്യുന്നു. | |
| 7 | 48 | ഗതാഗതം | സാമൂഹ്യപ്രതിബദ്ധതയുടെ പേരിൽ ലാഭകരമല്ല എന്ന് വിശ്വാസമുള്ള റൂട്ടുകളിൽ പോലും ട്രിപ്പ് നടത്താൻ കോർപ്പറേഷൻ നിർബന്ധിതമാകുന്നു. ഇവയിൽ ചിലപ്പോൾ റൂട്ട് ലാഭകരമായാൽ പോലും ചില സമയങ്ങളിൽ ട്രിപ്പ് ലാഭകരമാകുന്നില്ല എന്ന വസ്തുതയും വിസ്മരിക്കാനാവില്ല. ഈ സാഹചര്യത്തിൽ ഇതുപോലെയുള്ള ട്രിപ്പുകളുടെ സമയം പുന:ക്രമീകരിക്കുന്ന കാര്യം ആലോചിക്കാവുന്നതാണെന്ന് സമിതി ശുപാർശ ചെയ്യുന്നു. | കിലോമീറ്ററിന് 20 രൂപയ്ക്ക് താഴെമാത്രം വരുമാനം ലഭിക്കുന്ന 890 -ഓളം ഷെഡ്യൂളുകൾ കെ.എസ്.ആർ.ടി.സി.യിൽ നിലവിലുണ്ട്. ഇവ പുന:ക്രമീകരിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചു കഴിഞ്ഞു. |
| 8 | 55 | ഗതാഗതം | ഡ്രൈവർമാർക്ക് ശാസ്ത്രീയമായ പരിശീലനം നൽകുന്നതുവഴി ഇന്ധന ക്ഷമത വർദ്ധിപ്പിക്കുന്നതിനൊപ്പം കഴിവതും അപകടരഹിതമായ ഒരു യാത്രയും പ്രദാനം ചെയ്യുന്നു. അതുപോലെ അറ്റകുറ്റ പണികൾ സമയത്തിന് ചെയ്യാൻ കഴിയുമ്പോൾ ബ്രേക്ക് ഡൗൺ പോലുള്ള സംഭവങ്ങൾ ലഘൂകരിച്ച് അധിക ചെലവ് കുറയ്ക്കാനും സാധിക്കുന്നു. ഇപ്രകാരം ദൈനംദിന പ്രവർത്തനം ഫലപ്രദവും കാര്യക്ഷമവുമാക്കുന്നതിലൂടെ അനാവശ്യ ചെലവുകൾ വലിയൊരു | ഡ്രൈവർമാർക്ക് പരിശീലനം നൽകുന്നതിനായി കെ.എസ്.ആർ.ടി.സി. തിരുവനന്തപുരം, എടപ്പാൾ, എറണാകുളം എന്നീ സ്ഥലങ്ങളിൽ സ്റ്റാഫ് ട്രെയിനിംഗ് സെന്ററുകൾ രൂപീകരിച്ച് പരിശീലനം നൽകി വരുന്നു. ചീഫ് ഓഫീസ് തലത്തിൽത്തന്നെ ഒരു ആക്സിഡന്റ് കൺട്രോൾ മോണിറ്ററിംഗ് സെൽ രൂപീകരിച്ച് ചീഫ് ലാ ഓഫീസറുടെ നേതൃത്വത്തിൽ പ്രവർത്തിച്ചു വരുന്നു. എല്ലാ ദിവസവും ആക്സിഡന്റുകൾ നിരീക്ഷിച്ച്, കുറ്റക്കാരായ ഡ്രൈവർമാർക്ക് കൃത്യമായ കൗൺസിലിംഗ് നടത്തുകയും, ആവശ്യമെങ്കിൽ ട്രെയിനിംഗ് സെന്ററുകളിൽ അയച്ച് പരിശീലനവും നൽകി വരുന്നു. അങ്ങനെ കഴിവതും അപകട രഹിതമായ ഒരു യാത്ര പ്രദാനം ചെയ്യുന്നതിനുള്ള |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| | | | അളവ് വരെ ഒഴിവാക്കാൻ ശാസ്ത്രീയമായ പഠനങ്ങളും പരിശീലനങ്ങളും സഹായിക്കും എന്നതിനാൽ തുടർന്നും പഠനങ്ങളും പരിശീലനങ്ങളും നടത്തേണ്ടതാണെന്ന് സമിതി ശുപാർശ ചെയ്യുന്നു. | എല്ലാ നടപടികളും കൈക്കൊണ്ടു വരുന്നു. ബ്രേക്ക് ഡൗൺ കുറയ്ക്കുന്നതിനും യഥാസമയം വാഹനങ്ങളുടെ അറ്റകുറ്റപ്പണികൾ കൃത്യമായി ചെയ്യുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സൂപ്പർ വൈസറി കാറ്റഗറിയിലുള്ള അസിസ്റ്റന്റ് ഡിപ്പോ എഞ്ചിനീയർമാരുൾപ്പെടെയുള്ള എല്ലാവർക്കും സ്റ്റാഫ് ട്രെയിനിംഗ് സെന്റർ കേന്ദ്രീകരിച്ച് ഇൻ - ഹൗസ് ട്രെയിനിംഗ് നൽകി വരുന്നു. |
| 9 | 57 | ഗതാഗതം | ഇന്ധന ക്ഷമത കൂട്ടുന്നതിന്റെ ഫലമായി എല്ലാ ഡ്രൈവർമാർക്കും ഫലപ്രദമായ വിധത്തിൽ ട്രെയിനിംഗ് നൽകാൻ ശ്രദ്ധ ചെലുത്തുന്നതു വഴി കിലോമീറ്റർ പെർ ലിറ്റർ (KMPL) 3.84 -ൽ നിന്നും 4.23 ലേക്ക് ഉയർത്തിക്കൊണ്ടു വരാൻ കഴിഞ്ഞതിൽ സമിതി തൃപ്തി രേഖപ്പെടുത്തുന്നു. ഈ കണക്ക് സമീപഭാവിയിൽ 5.00 എന്ന നിലയിൽ എത്തിക്കുന്നതിന് നടപടി ഉണ്ടാവണമെന്ന് സമിതി നിർദ്ദേശിക്കുന്നു. | 2005 -ൽ 3.84 ആയിരുന്ന KMPL 4.23 ആയി ഉയർത്തിയത് ഫ്യൂവൽ സെല്ലിന്റെ തീവ്ര പ്രയത്നം കൊണ്ട് 2011 മാർച്ചിൽ 4.28 ആയി ഉയർത്താൻ കഴിഞ്ഞിട്ടുണ്ട്. ഒരു വർക്സ് മാനേജരുടെ കീഴിൽ 3 സോണായി തരം തിരിച്ച് ഫ്യൂവൽ സെൽ തൃപ്തികരമായ പ്രവർത്തനം കാഴ്ച വച്ചു വരുന്നു. KMPL 5 എന്ന ലക്ഷ്യത്തോട് കൂടി പ്രവർത്തനം നടത്തിവരുന്നു. |
| 10 | 60 | ഗതാഗതം | യാത്രാക്കൂലി നിരക്ക് വർദ്ധിപ്പിക്കുന്നതുൾപ്പെടെയുള്ള കാര്യങ്ങൾ സംബന്ധിച്ച് പരിശോധിക്കുന്നതിനായി രൂപീകരിച്ചിട്ടുള്ള കമ്മിറ്റിയുടെ പ്രവർത്തനം വിപുലീകരിക്കുന്നതിന് എന്തൊക്കെ | യാത്രാ നിരക്കുകൾ വർദ്ധിപ്പിക്കുന്നതുൾപ്പെടെയുള്ള ഗതാഗത മേഖലയിലെ വിവധ വിഷയങ്ങൾ പഠിച്ച് സർക്കാരിൽ ശുപാർശ സമർപ്പിക്കുന്നതിനായി ഒരു സ്ഥിരം സംവിധാനം എന്ന നിലയിൽ രൂപീകരിച്ചിട്ടുള്ള ജസ്റ്റിസ് എം. രാമചന്ദ്രൻ അദ്ധ്യക്ഷനായുള്ള കമ്മിറ്റി റിപ്പോർട്ട് |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| | | | ചെയ്യാൻ കഴിയും എന്ന കാര്യത്തിൽ സർക്കാരും കോർപ്പറേഷനും സംയുക്തമായ ചർച്ചകൾ നടത്തി ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. | ലഭ്യമാക്കിയതിന്റെ അടിസ്ഥാനത്തിലാണ് 2011 -ൽ ബസ് ചാർജ് പുതുക്കി നിശ്ചയിച്ചത്. പ്രസ്തുത കമ്മിറ്റി മുൻപാകെ കെ.എസ്.ആർ.ടി.സി. യുടെ വാദമുഖങ്ങൾ അവതരിപ്പിച്ചിട്ടുണ്ട്. അവ കൂടി കണക്കിലെടുത്താണ് കമ്മിറ്റി റിപ്പോർട്ട് സമർപ്പിച്ചത്. |
| 11 | 62 | ഗതാഗതം | സംസ്ഥാനത്തെ ആകെയുള്ള ട്രാൻസ്പോർട്ട് സർവ്വീസിന്റെ ഏകദേശം 17.2% സർവ്വീസ് മാത്രം നടത്തിയിരുന്ന കോർപറേഷൻ അടുത്ത കാലത്തായി ഈ കണക്ക് 26% എന്ന നിലയിലേക്ക് ഉയർത്തിയത് ആശാവഹമെന്ന് സമിതി വീക്ഷിക്കുന്നു. സമീപഭാവിയിൽ കാര്യക്ഷമവും ഫലപ്രാപ്തി ലക്ഷ്യമാക്കിയുള്ളതും ആയ പ്രവർത്തനത്തിലൂടെ ഈ കണക്ക് 50% ആക്കി ഉയർത്തണം എന്നതായിരിക്കണം കോർപറേഷന്റെ പ്രഖ്യാപിത ലക്ഷ്യം എന്ന് നിർദ്ദേശിക്കുന്നതോടൊപ്പം ഇതിനായി നടപടികൾ ആത്മാർത്ഥമായും സമയ ബന്ധിതമായും കൈക്കൊള്ളണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. | സംസ്ഥാന റോഡ് ഗതാഗത രംഗത്ത് കെ.എസ്.ആർ.ടി.സിയുടെ പങ്കാളിത്തം ഇപ്പോൾ 27% ആണ്. 2025-ഓടെ 50% ആക്കി വർദ്ധിപ്പിക്കണമെന്നതാണ് കോർപറേഷന്റെ പ്രഖ്യാപിത ലക്ഷ്യം. ഇതിനായി നടപ്പ് വർഷം 1000 പുതിയ ബസ്സുകൾ നിരത്തിലിറക്കുന്നതിലേക്ക് നടപടികൾ സ്വീകരിച്ചു വരുന്നു. |
| 12 | 72 | ഗതാഗതം | പുതിയ ബസ്സുകൾ വാങ്ങുന്ന സമയത്ത് അവയിൽ 50% പഴയ കണ്ടം ചെയ്ത ബസ്സുകൾക്ക് പകരമായും 50% പുതിയ | കെ.എസ്.ആർ.ടി.സി പുതുതായി നിരത്തിലിറക്കുന്ന ബസുകൾ 50% കണ്ടം ചെയ്യുന്നത് മാറ്റുന്നതിനും ബാക്കിയുള്ളവ പുതിയ ഷെഡ്യൂളുകൾ ആരംഭിക്കുന്നതിനു |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| | | | തായി ഷെഡ്യൂളുകൾ ആരംഭിക്കുന്നത് ലക്ഷ്യമാക്കിനീക്കി വ്യക്താനമായിരിക്കണം ശ്രമിക്കേണ്ടതെന്ന് സമിതി ശിപാർശ ചെയ്യുന്നു. | മായി വേണ്ടുന്ന നടപടികൾ കൈക്കൊള്ളുന്നതുമാണ്. |
| 13 | 79 | ഗതാഗതം | കെ.എസ്.ആർ.ടി.സി യൂണിറ്റുകളുടെ പ്രവർത്തനം വിലയിരുത്തുന്നതിന്റെ ഭാഗമായി ചേരുന്ന റിവ്യൂ യോഗങ്ങളിൽ എം.എൽ.എ മാരെ ക്ഷണിക്കുന്നില്ല എന്നതിൽ സമിതിക്ക് അതൃപ്തിയുണ്ട്. ഡിപ്പോ സ്ഥിതി ചെയ്യുന്ന ജില്ലകളിലെ എം.എൽ.എ മാരെ കൂടി ഈ യോഗങ്ങളിൽ പങ്കെടുപ്പിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. | യൂണിറ്റുകളുടെ പ്രവർത്തനം വിലയിരുത്തുന്നതിന്റെ ഭാഗമായി ചേരുന്ന റിവ്യൂ യോഗങ്ങളിൽ എം.എൽ.എ മാരെ പങ്കെടുപ്പിക്കുന്നതിന് മുൻപ് നൽകിയിട്ടുള്ള നിർദ്ദേശങ്ങൾക്ക് തുടർച്ചയായി 11-5-2011 ൽ എല്ലാ യൂണിറ്റധികാരികൾക്കും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. |
| 14 | 83 | ഗതാഗതം | ഗ്രാമത്തിൽ നിന്നും സിറ്റി ലിമിറ്റിൽ എത്തുന്ന സ്വകാര്യ വാഹനങ്ങൾക്ക് സിറ്റി ആരംഭിക്കുന്നിടത്ത് സൗകര്യപ്രദമായി പാർക്കിംഗ് സൗകര്യം ലഭ്യമാക്കി തുടർന്ന് എല്ലാവിധ സൗകര്യങ്ങളുമുള്ള ലോ ഫ്ലോർ ഉൾപ്പെടെയുള്ള ബസുകളിൽ യാത്ര ചെയ്ത് ആവശ്യമുള്ള സ്ഥലങ്ങളിൽ എത്തിക്കാൻ സംവിധാനം ഉണ്ടാക്കുന്നതിനും ട്രാഫിക് ബോധവത്ക്കരണം | സ്വകാര്യ വാഹനങ്ങൾ പാർക്ക് ചെയ്ത് ജൻറം പദ്ധതി പ്രകാരം നടത്തി വരുന്ന ലോ ഫ്ലോർ ബസുകളിൽ യാത്ര ചെയ്യുന്നതിന് ആവശ്യമായ പാർക്കിംഗ് ഗ്രൗണ്ടും അനുബന്ധ സൗകര്യങ്ങളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളാണ് ഒരുക്കി തരേണ്ടത്. ഇക്കാര്യത്തിൽ കെ.എസ്.ആർ.ടി.സി യ്ക്ക് പ്രത്യേക നടപടികൾ സ്വീകരിക്കാനില്ല. |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| | | | നടത്തുന്നതിനും നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. | |
| 15 | 87 | ഗതാഗതം | TIME SCHEDULE അനുസരിച്ച് കൃത്യസമയത്ത് തന്നെ സർവ്വീസുകൾ ഓടുന്നുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതിന്റെ ആവശ്യകത സമിതി ഓർമ്മിപ്പിക്കുന്നു. ഇതോടൊപ്പം തന്നെ ഷെഡ്യൂളുകൾ ഓപ്പറേറ്റ് ചെയ്യുമ്പോൾ ഒരു നിശ്ചിത അകലം പാലിക്കണമെന്ന് സമിതിക്ക് ബോധ്യം വന്നതിനാൽ ആ വിധത്തിൽ സമയം ക്രമീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. | ടൈം ക്ലാഷ് ഒഴിവാക്കി ആവശ്യത്തിന് ഗ്യാപ് നൽകി ബസുകൾ സർവ്വീസ് നടത്തുന്നതിന് അത്തരത്തിലുള്ള ഷെഡ്യൂളുകൾ പുനഃക്രമീകരിച്ചു വരുന്നുണ്ട്. |
| 16 | 88 | ഗതാഗതം | ദീർഘ നേരത്തെ കാത്തിരിപ്പിന് ശേഷം ഒരേ സ്ഥലത്തേക്കുള്ള ബസുകൾ ഒരുമിച്ച് യാത്ര പുറപ്പെടുന്നത് നിത്യവും കാണുന്ന കാഴ്ചയാണ്. കൂടാതെ റൂട്ടുകൾ വരുന്നത് വ്യത്യസ്ത ദിശകളിൽ നിന്നാണെന്ന ന്യായീകരണം വരാമെങ്കിലും പലപ്പോഴും ഒരു നിശ്ചിത ദൂരം വരെ ബസുകൾ എല്ലാം ഒരേ റൂട്ടിലൂടെ സഞ്ചരിച്ചതിനുശേഷം മാത്രം Deviate ചെയ്ത് പോകുന്ന സ്ഥിതി വിശേഷം | ബസുകൾ ഒരേ റൂട്ടിൽ ഒരുമിച്ച് പുറപ്പെടുന്നത് ഒഴിവാക്കുന്നതിലേക്കായി ട്രിപ്പുകൾ ക്രോണോളജി തയ്യാറാക്കി പുനഃക്രമീകരിച്ചു വരുന്നുണ്ട്. |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| | | | കാണുന്നു. ബസുകൾ ഒരുമിച്ച് പുറപ്പെടുന്നത് ഒഴിവാക്കാനായി ഓരോ ബസ്സും പുറപ്പെടുന്ന സമയം, എത്തിച്ചേരുന്ന സമയം എന്നിവ കമ്പ്യൂട്ടറിൽ രേഖപ്പെടുത്തി അതാത് ദിവസങ്ങളിൽ തന്നെ മേലുദ്യോഗസ്ഥന്റെ പരിശോധനയ്ക്ക് വിധേയമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. | |
| 17 | 92 | ഗതാഗതം | കെ.എസ്.ആർ.ടി.സി ജീവനക്കാരുടെ പരിശ്രമഫലമായി ടിക്കറ്റെടുക്കാത്തവരെ കണ്ടെത്തി പിഴയീടാക്കി പിരിച്ചെടുക്കുന്ന തുക കെ.എസ്.ആർ.ടി.സി. യുടെ ഫണ്ടിലേക്ക് തന്നെ അടയ്ക്കേണ്ടതാണ്. ഈ രീതിയിൽ സർക്കാർ ഉത്തരവിൽ മാറ്റം വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. ടിക്കറ്റെടുക്കാതെ യാത്ര ചെയ്യുവരുടെ കണക്ക് വാർഷിക അവലോകന യോഗങ്ങളിൽ സമർപ്പിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. | 5-1-2008 ലെ സ.ഉ (പി) നം. 1/2008/ഗതാഗതം നമ്പർ ഉത്തരവ് പ്രകാരമാണ് കെ.എസ്.ആർ.ടി.സി ഇൻസ്പെക്ടർ മുതലുള്ള ഓഫീസർമാർക്ക് ടിക്കറ്റില്ലാതെ യാത്ര ചെയ്യുന്നവരിൽ നിന്നും 500/- രൂപ വീതം പിഴ ഈടാക്കാനുള്ള അധികാരം സർക്കാർ നൽകിയത്. കെ.എസ്.ആർ.ടി.സി ജീവനക്കാരുടെ പരിശ്രമ ഫലമായി ടിക്കറ്റെടുക്കാത്തവരെ കണ്ടെത്തി പിഴയീടാക്കി പിരിച്ചെടുക്കുന്ന തുക കെ.എസ്.ആർ.ടി.സി യുടെ ഫണ്ടിലേക്ക് തന്നെ അടയ്ക്കുന്നതിനായി തത്വത്തിൽ തീരുമാനമെടുത്തിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ നിലവിലുള്ള (5-1-2008) വിജ്ഞാപനം ഭേദഗതി ചെയ്യുന്നതിനായുള്ള കരട് വിജ്ഞാപനം ഗതാഗത കമ്മീഷണറിൽ നിന്നും ആവശ്യപ്പെട്ടിട്ടുണ്ട്. |
| 18 | 99 | ഗതാഗതം | സമാന്തര സർവ്വീസ് നിയന്ത്രണത്തിന്റെ ഭാഗമായി രൂപീകരിച്ച സ്ക്വാഡിന്റെ | പോലീസ് ഉദ്യോഗസ്ഥരുടെയും അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർമാരുടെയും അഭാവം മൂലം |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| | | | പ്രവർത്തനം ശ്ലാഘനീയമാണെങ്കിലും കഴിയുന്നത്ര സ്ഥലങ്ങളിൽ ഇതുപോലെ സ്ക്വാഡുകൾ രൂപീകരിച്ച് ഇത്തരം പാരലൽ വാഹനങ്ങളുടെ മേൽ ഫലപ്രദമായ നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെടുന്നതോടൊപ്പം ഇത്തരത്തിൽ പിടിച്ചെടുക്കപ്പെട്ട വാഹനങ്ങളുടെയും കേസുകളുടെയും വിവരം കെ.എസ്.ആർ.ടി.സി യുടെ വെബ്സൈറ്റിൽ വരണമെന്നും സമിതി ശിപാർശ ചെയ്യുന്നു. | സമാന്തര സർവ്വീസ് നിയന്ത്രണത്തിന്റെ ഭാഗമായി തിരുവനന്തപുരം സിറ്റിയിൽ രൂപീകരിച്ച സ്ക്വാഡിന്റെ പ്രവർത്തനം ഇപ്പോൾ കാര്യക്ഷമമായി നടക്കുന്നില്ല. പോലീസ് ഉദ്യോഗസ്ഥരുടെയും അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർമാരുടെയും സാന്നിധ്യം ഉറപ്പാക്കുന്നതിന് കെ.എസ്.ആർ.ടി.സി ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. സമാന്തര സർവ്വീസ് വാഹനങ്ങൾക്കെതിരെ എടുത്തിട്ടുള്ള കേസുകളുടെ വിവരം ബന്ധപ്പെട്ട വകുപ്പുകൾ നൽകുന്ന മുറയ്ക്ക് കെ.എസ്.ആർ.ടി.സി യുടെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതാണ്. |
| 19 | 100 | ഗതാഗതം | ഇപ്പോൾ കോർപ്പറേഷൻ ചെയ്യുന്നതു പോലെ വലിയ ബസുകൾ നിരത്തിൽ പുതുതായി ഇറക്കുന്ന നടപടിക്കൊപ്പം ഇത്തരം റോഡുകളെ ഉദ്ദേശിച്ചുള്ള ഷോർട്ട് വീൽ ബേസ് / മിനി ബസ് സർവ്വീസ് കൂടി ആരംഭിക്കുന്ന കാര്യം പരിഗണിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. | വലിയ ബസുകൾ കടന്നു ചെല്ലാത്തതും മലയോര പ്രദേശങ്ങളുമായ സ്ഥലങ്ങളിൽ യാത്രാ സൗകര്യം മെച്ചപ്പെടുത്തുന്നതിനായി കെ.എസ്.ആർ.ടി.സി ഷോർട്ട് വീൽ ബേസ് ബസുകൾ നിരത്തിലിറക്കി വരുന്നു. ഇതിലേക്കായി 2007 ആഗസ്റ്റിനു ശേഷം 250 ബസുകൾ നിരത്തിലിറക്കി. ഇനിയും ആവശ്യകതയനുസരിച്ച് ഷോർട്ട് വീൽ ബേസ് ബസുകൾ ഇറക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. |
| 20 | 102 | ഗതാഗതം | കാര്യക്ഷമമായ വിധത്തിൽ പരിഷ്കാരങ്ങൾ നടപ്പാക്കുന്നതിന് സഹായകര | കെ.എസ്.ആർ.ടി.സി യുടെ . സർവ്വീസ് നടത്തിപ്പ് സംബന്ധിച്ച് പൊതുജനങ്ങൾക്കുള്ള നിർദ്ദേശങ്ങളും |

| (1) | (2) | (3) | (4) | (5) |
| --- | --- | --- | --- | --- |
| | | | മാകുമെന്നതിനാൽ സർവ്വീസുകൾ സംബന്ധിച്ചും ജനങ്ങളുടെ അഭിപ്രായം സംബന്ധിച്ചും ദിനംപ്രതിയുള്ള യാത്രക്കാരുടെ കണക്ക് സംബന്ധിച്ചും രേഖകൾ വേണമെന്നും അതനുസരിച്ച് വേണ്ട മാറ്റങ്ങളും വികസന പ്രവർത്തനങ്ങളും നടപ്പാക്കണമെന്നും തർക്കമറ്റ വസ്തുതയാണ്. ആയതിനാൽ പൊതുജനങ്ങളിൽ നിന്നും അഭിപ്രായ സ്വരൂപണം ഉൾപ്പെടെയുള്ള കാര്യങ്ങൾ കുറ്റമറ്റ രീതിയിൽ നടത്തി, ബോർഡിന്റെ മീറ്റിംഗുകളിൽ പരിഗണി ക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. | പരാതികളും സമർപ്പിക്കുന്നതിലേക്ക് എല്ലാ ഡിപ്പോകളിലും 'സജഷൻ ബോക്സ് ' സ്ഥാപിച്ചിട്ടുണ്ട്. ഇതിൽ ലഭിക്കുന്ന നിർദ്ദേശങ്ങളും പരാതികളും യൂണിറ്റ് തലത്തിലുള്ളവ യൂണിറ്റിലും, ചീഫ് ഓഫീസ് തലത്തിലുള്ളവ ചീഫ് ഓഫീസിലും പരിഹരിക്കാനുള്ള സംവിധാനം നിലവിലുണ്ട്. |
| 21 | 103 | ഗതാഗതം | നഗര പ്രദേശങ്ങളിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ആഫീസുകളിലും കൃത്യസമയത്ത് എത്തിച്ചേരുന്നതിനായി ഉദ്യോഗസ്ഥകൾക്കും വിദ്യാർത്ഥിക ൾക്കും വളരെയധികം യാത്രാക്ലേശം അനുഭവിക്കേണ്ടി വരുന്നു. ഈ സാഹചര്യത്തിൽ തിരക്കുള്ള സമയ ങ്ങളിൽ നഗരങ്ങളെയും സമീപ ഗ്രാമങ്ങളെയും ബന്ധിപ്പിക്കുന്ന തരത്തിൽ സ്ത്രീകൾക്കു മാത്രമുള്ള | നഗരങ്ങളെയും സമീപ ഗ്രാമങ്ങളെയും ബന്ധിപ്പിക്കുന്ന രീതിയിൽ തിരക്കുള്ള സമയങ്ങളിൽ സ്ത്രീകൾക്ക് മാത്രമായി ആവശ്യത്തിനനുസരിച്ച് സർവ്വീസുകൾ നടത്തുന്നുണ്ട്. |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| | | | ബസുകൾ ആവശ്യാനുസരണം അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. | |
| 22 | 105 | ഗതാഗതം | കെ.എസ്.ആർ.ടി.സി യുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും അപകട നിവാരണത്തിനും ജീവനക്കാർക്ക് ട്രെയിനിംഗുകളും ബോധവത്ക്കരണ ക്ലാസുകളും നടത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു. | ചീഫ് ഓഫീസ് തലത്തിൽ ചീഫ് ലാ ഓഫീസറുടെ നേതൃത്വത്തിൽ ഒരു ആക്സിഡന്റ് മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിക്കുകയും സംസ്ഥാനത്തെ എല്ലാവിധ ആക്സിഡന്റുകളും നിരീക്ഷിക്കുകയും കുറ്റക്കാരായ ഡ്രൈവർമാർക്ക് കൃത്യമായ കൗൺസിലിംഗ് നൽകി വരികയും ചെയ്യുന്നു. ആവശ്യമെങ്കിൽ ട്രെയിനിംഗ് സെന്ററുകളിൽ അയച്ച് പരിശീലനം നൽകി വരുന്നു. |
| 23 | 116 | ഗതാഗതം | കോർപറേഷനിൽ പുതുതായി ബസ് വാങ്ങുന്നത് ഉൾപ്പെടെയുള്ള കാര്യങ്ങൾക്ക് തുക കണ്ടെത്തുന്നതിനുള്ള ഒരു ഉപാധി എന്ന നിലയിലാണ് കാലപ്പഴക്കം ചെന്ന ബസുകൾ കണ്ടം ചെയ്ത് വിൽക്കുന്ന നടപടി. ബസുകൾ കണ്ടം ചെയ്യുന്ന നടപടിയിൽ നിയമാനുസൃതമായ എല്ലാ മാനദണ്ഡങ്ങളും പാലിക്കേണ്ടതാണെന്നും സമിതി ശിപാർശ ചെയ്യുന്നു. | കേരള മോട്ടോർ വെഹിക്കിൾ നിയമ പ്രകാരം വാഹനങ്ങൾ കണ്ടം ചെയ്യാനുള്ള പ്രായം 15 വർഷമായാണ് നിശ്ചയിച്ചിരിക്കുന്നത്. എന്നാൽ കെ.എസ്.ആർ.ടി.സി പൊതുജന താൽപര്യവും സുരക്ഷിതത്വവും കണക്കിലെടുത്ത് 13 വർഷമായ ബസുകൾ കണ്ടം ചെയ്ത് വരുന്നു. കണ്ടം ചെയ്യുന്ന വാഹനങ്ങൾ സുതാര്യമായ ദർഘാസ് വിളിച്ച് ലേലം ചെയ്ത് വരുന്നു. നിയമാനുസൃതമായി എല്ലാ മാനദണ്ഡങ്ങളും പാലിക്കുന്നുണ്ട്. |
| 24 | 119 | ഗതാഗതം | ജീവനക്കാരുടെയും സാങ്കേതിക വിദഗ്ദരുടെയും കുറവ് നവീകരണ പ്രക്രിയ ഫലപ്രദമായി പുരോഗമിക്കുന്നതിന് തടസം നിൽക്കുന്നതായി | കെ.എസ്.ആർ.ടി.സി യിലെ ജീവനക്കാരുടെ കുറവ് പരിഹരിക്കുന്നതിന് പി.എസ്.സി മുഖേന ത്വരിത ഗതിയിൽ നിയമനം നടത്തി വരുന്നു. റാങ്ക് ലിസ്റ്റ് നിലവിലില്ലാത്ത ഡ്രൈവർ തുടങ്ങിയ വിഭാഗങ്ങളിലേക്ക് |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| | | | സമിതിക്ക് മനസ്സിലാക്കുവാൻ കഴിഞ്ഞു. കെ.എസ്.ആർ.ടി.സി യിലെ സാങ്കേതിക വിദഗ്ദരുടെ ഒഴിവുകൾ അടിയന്തരമായി നികത്താൻ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. | എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ മുഖേന താൽക്കാലിക നിയമനം നടത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| 25 | 124 | ഗതാഗതം | ബസ് നിർമ്മാണത്തിനായുള്ള ജീവനക്കാരുടെ നിലവിലുള്ള കുറവ് പരിഹരിക്കുന്നതിന് ഒഴിവുകൾ പി.എസ്.സി ക്ക് റിപ്പോർട്ട് ചെയ്യുന്നത് ഉൾപ്പെടെയുള്ള നടപടികൾ ത്വരിതപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. | ഇപ്പോൾ കെ.എസ്.ആർ.ടി.സി യിൽ വരുന്ന ഒഴിവുകൾ അപ്പോഴപ്പോൾ തന്നെ പി.എസ്.സി ക്ക് റിപ്പോർട്ട് ചെയ്യുന്നുണ്ട്. ബസ് ബോഡി നിർമ്മാണത്തിനുള്ള ജീവനക്കാരുടെ കുറവ് പരിഹരിക്കുന്നതിനായി ബ്ലാക്ക് സ്മിത്തുമാരുടെ 382 ഒഴിവുകളിൽ 381-ഉം അപ്ഹോൾസ്റ്റർ വിഭാഗത്തിൽ 27 ഒഴിവുകളിൽ 25-ഉം പെയിന്റർ വിഭാഗത്തിൽ 67 ഒഴിവുകളിൽ 58-ഉം ഇതിനകം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. മെറ്റൽ കിറ്റ് ഉപയോഗിച്ചുള്ള ബോഡിയാണ് നിരത്തിലിറക്കുന്നത് എന്നതിനാൽ കോച്ച് ബിൽഡർ തസ്തികയിലേക്ക് ഇനി മേലിൽ നിയമനം നടത്തേണ്ടതില്ല എന്ന് തീരുമാനിച്ചു. ഇലക്ട്രീഷ്യൻ തസ്തികയിലേക്ക് കെ.എസ്.ആർ.ടി.സി യിൽ തന്നെയുള്ള മെക്കാനിക്കുകളിൽ നിന്നും തെരഞ്ഞെടുത്ത് നിയോഗിക്കുകയാണ് നിലവിലുള്ള രീതി. ഇപ്പോൾ 'സർവ്വീസിൽ ചേർന്ന മെക്കാനിക്കുകളിൽ നിന്നും ഇലക്ട്രീഷ്യൻ ട്രേഡിൽ യോഗ്യതയുള്ളവരെ റാങ്ക് ലിസ്റ്റ് അടിസ്ഥാനപ്പെടുത്തി നിയോഗിക്കുന്നതിനുള്ള നടപടികൾ പൂർത്തിയായി വരുന്നു. |
| 26 | 128 | ഗതാഗതം | ഇ-ടെൻഡർ മുഖേന ചേസീസ് | ടെൻഡർ മുഖേന സാധനങ്ങൾ വാങ്ങുന്നതിന്റെയും/ |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| | | | വാങ്ങുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. | ഉപയോഗശൂന്യമായ സാധനങ്ങൾ വാങ്ങുന്നതിന്റെയും സാധ്യതകൾ വിശകലനം ചെയ്യുന്നതിനായി ഒരു കമ്മിറ്റി രൂപീകരിച്ച് പഠനം നടത്തി വരുന്നു. ഇതുമായി ബന്ധപ്പെട്ട് ചില കമ്പനികളുടെ ഡെമോൺസ്ട്രേഷൻ നടന്നിട്ടുണ്ട്. ഇ-ടെൻഡർ മുഖേന ചെസിസ് വാങ്ങുന്നതും പ്രസ്തുത കമ്മിറ്റിയുടെ പഠന വിഷയമാണ്. ഇ-ടെൻഡർ മുഖേന വാങ്ങൽ, വിൽക്കൽ ഇടപാടുകൾ നടത്തുന്നതിനുള്ള നടപടികൾ കമ്മിറ്റി റിപ്പോർട്ട് ലഭിച്ചാലുടൻ നടപ്പാക്കുന്നതാണ്. |
| 27 | 138 | ഗതാഗതം | വരും കാലങ്ങളിൽ ഡീസൽ, വാതകങ്ങൾ എന്നിവ ഉൾപ്പെടെയുള്ള ഇന്ധനങ്ങൾക്ക് ക്ഷാമം വരുമെന്ന അവസ്ഥ ഉണ്ടാകുമെന്നതിനാൽ മറ്റൊരു സാങ്കേതിക വിദ്യയുടെ അത്യന്താപേക്ഷിതത സമിതിക്ക് ബോധ്യമാകുന്നു. ഈ സാഹചര്യത്തിൽ CNG ഉൾപ്പെടെയുള്ള മറ്റു മാർഗ്ഗങ്ങളുടെ പ്രായോഗികത മനസ്സിലാക്കുന്നതിനുള്ള പഠനങ്ങൾ കോർപ്പറേഷന്റെ ഭാഗത്തു നിന്നും ഉണ്ടാകണമെന്ന് ശിപാർശ ചെയ്യുന്നു. | 2012 കാലയളവിൽ കൊച്ചിയിൽ CNG ടെർമിനൽ സ്ഥാപിതമാകുമ്പോൾ കംപ്രസ്ഡ് നാച്ചുറൽ ഗ്യാസ് ഉപയോഗിച്ച് കെ.എസ്.ആർ.ടി.സി യുടെ 2500 ഓളം ബസുകൾ ഓടിക്കുന്നതിനുള്ള ശിപാർശ പരിഗണിച്ചുവരുന്നു. കേരളത്തിൽ CNG ലഭ്യമാകുകയാണെങ്കിൽ കെ.എസ്.ആർ.ടി.സി യ്ക്ക് ആവശ്യമായ CNG യുടെ തോത് ബന്ധപ്പെട്ടവരെ അറിയിച്ചിട്ടുണ്ട്. GAIL, KSIDC എന്നിവ ചേർന്ന ഒരു സംയുക്ത കമ്പനി രൂപീകരിക്കുകയും കേരളത്തിൽ CNG ലഭ്യമാകുമ്പോൾ ഇത് വിതരണം ചെയ്യുന്നതിനുള്ള അവകാശം സർക്കാർ ഇവർക്ക് നൽകിയിട്ടുമുണ്ട്. പ്രസ്തുത കമ്പനിക്ക് കെ.എസ്.ആർ.ടി.സി റൂട്ട് മാപ്പ് ഉൾപ്പെടെയുള്ള എല്ലാ പ്രൊപ്പോസലുകളും നൽകിക്കഴിഞ്ഞു. |
| 28 | 145 | ഗതാഗതം | റേഡിയൽ ടയറുകൾക്ക് മുൻഗണന | റേഡിയൽ ടയറുകൾക്ക് മുൻഗണന നൽകുന്നതോടൊപ്പം |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| | | | നൽകുന്നതോടൊപ്പം വിദേശങ്ങളിലെ പോലെ ട്യൂബ്ലെസ് ടയറുകൾ ഉപയോഗിക്കാൻ സാധിച്ചാൽ ടയർ പഞ്ചറാകുന്നതുമൂലം ട്രിപ്പുകൾ റദ്ദു ചെയ്യപ്പെടുന്ന സംഭവങ്ങൾ ഒഴിവാക്കാൻ സഹായിക്കും എന്നതിനാൽ ഈ കാര്യവും കൂടി പരിഗണിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. | തന്നെ ട്യൂബ്ലെസ് ടയറുകളുടെ ഉപയോഗവും കെ.എസ്.ആർ.ടി.സി. യിൽ ആരംഭിച്ചിട്ടുണ്ട്. ഇതിനു മുന്നോടിയായി JnNURM ബസുകളിൽ ട്യൂബ്ലെസ് ടയറുകൾ ഉപയോഗിച്ചു വരുന്നു. ഇതിന്റെ പ്രവർത്തനക്ഷമത മനസ്സിലാക്കിയ ശേഷം കൂടുതൽ വാഹനങ്ങളിൽ ഉപയോഗിക്കുന്നത് സംബന്ധിച്ച പഠനം നടത്തി നടപടികൾ കൈക്കൊള്ളുന്നതാണ്. |
| 29 | 146 | ഗതാഗതം | നൈട്രജൻ നിറയ്ക്കുന്ന ടയറുകളിൽ കാറ്റു നിൽക്കുന്നതിനുള്ള സാധ്യത കൂടുതലാണെന്നപോലെ പെട്ടെന്ന് ചൂടാകുകയില്ലെന്നുമുള്ള പ്രത്യേകതയുമുണ്ട്. കൂടാതെ വാഹനത്തിന്റെ പ്രവർത്തന ക്ഷമത വർദ്ധിപ്പിക്കുന്നതിന് സഹായകരവുമാണ്. രണ്ടാഴ്ചയിലൊരിക്കൽ മാത്രം ഇവ ഫിൽ ചെയ്താൽ മതിയാകും എന്നാണ് പഠനങ്ങൾ തെളിയിച്ചിരിക്കുന്നത് അതിനാൽ ഇതിന്റെ സാധ്യതയും പരിഗണിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. | പരീക്ഷണാടിസ്ഥാനത്തിൽ തിരുവനന്തപുരം, എറണാകുളം, തൃശ്ശൂർഎന്നീ യൂണിറ്റുകളിൽ നൈട്രജൻ ഇൻഫ്ലേറ്റർ മെഷീനുകൾ സ്ഥാപിച്ച് പഠനം നടത്തുകയും കൂടുതൽ ഉപകരണങ്ങൾ വാങ്ങുന്നതിന് നടപടി ശിപാർശ ചെയ്തിട്ടുള്ളതുമാണ്. അതിൻ പ്രകാരം പർച്ചേസ് വിഭാഗം സ്പെസിഫിക്കേഷനുകൾ സഹിതം ദർഘാസ് ക്ഷണിച്ചിട്ടുള്ളതാണ്. |
| 30 | 147 | ഗതാഗതം | പഴയ ടയറുകൾ വിൽക്കുമ്പോൾ അതിൽ ക്രമവിരുദ്ധമായോ അഴിമതിക്ക് അവസരമുണ്ടാകുന്ന രീതിയിലോ ഉള്ള നടപടി ക്രമങ്ങൾ സ്വീകരിക്കപ്പെട്ടിട്ടില്ല എന്ന് ഉറപ്പ് വരുത്തേണ്ടതാണ്. ഇക്കാര്യത്തി | പഴയ ടയറുകൾ വിൽക്കുമ്പോൾ അതിൽ ക്രമവിരുദ്ധമായോ അഴിമതിക്ക് അവസരമുണ്ടാകുന്ന രീതിയിലോ ഉള്ള നടപടി ക്രമങ്ങൾ സ്വീകരിക്കപ്പെട്ടിട്ടില്ല എന്ന് ഉറപ്പ് വരുത്തിയ ശേഷമാണ് വിൽക്കുന്നത്. സ്ക്രാപ്പ് ടയറുകളുടെ വിവരങ്ങൾ രേഖപ്പെടുത്തുന്നതിനായി പ്രത്യേകം രജിസ്റ്റർ |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| | | | ൽ കുറ്റമറ്റ നടപടി ക്രമങ്ങൾ തന്നെ പാലിക്കണമെന്നും സ്റ്റോക്ക് രജിസ്റ്ററുകൾ സൂക്ഷിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. | കൃത്യമായി പരിപാലിക്കുന്നു. വർക്ക്സ് മാനേജർ (ടയർ) നേരിട്ട് പരിശോധിച്ച ശേഷം മാത്രമാണ് ടയറുകൾ സ്ക്രാപ്പ് ചെയ്യാൻ മാറ്റിവയ്ക്കുന്നത്. ഇപ്രകാരം സ്ക്രാപ്പ് ചെയ്യുന്നതിന് മാറ്റിവയ്ക്കപ്പെട്ട ടയറുകൾ ഉയർന്ന ഉദ്യോഗസ്ഥർ അടങ്ങിയ ഒരു കമ്മിറ്റി പരിശോധിച്ച് വിശകലനം ചെയ്ത ശേഷം മതിപ്പുവില നിശ്ചയിക്കുകയും അതിനുശേഷം ദർഘാസ് ക്ഷണിച്ചുമാണ് സ്ക്രാപ്പ് ടയറുകൾ വിൽക്കുന്നത്. |
| 31 | 149 | ഗതാഗതം | കഴിഞ്ഞ മൂന്ന് മാസക്കാലത്തെ സ്പെയർ പാർട്ട്സ് ഉൾപ്പെടെയുള്ള സാമഗ്രികൾ ലഭ്യമാക്കിയ കണക്ക് മാനദണ്ഡമായി വച്ച് ഇവ മുൻകൂറായി വാങ്ങി സൂക്ഷിക്കേണ്ടതാണെന്നും,സാമഗ്രികളുടെ ഗുണ നിലവാര പരിശോധനയ്ക്ക് അനുബന്ധമായ കാര്യങ്ങൾ അപ്പോൾ തന്നെ നടന്നിരിക്കണമെന്നും, ഗ്യാരന്റി പീരീഡിൽ ലഭിക്കുന്ന ആനുകൂല്യം ലഭിക്കത്തക്ക വിധം ആയിരിക്കണം ഈ പരിശോധന നടത്തിയിരിക്കേണ്ടത് എന്നും സമിതി ശിപാർശ ചെയ്യുന്നു. | ഉപഭോഗത്തിന്റെ നിരക്കിനെ ആസ്പദമാക്കി ഒരു വർഷത്തേക്ക് ആവശ്യമുള്ള സാധന സാമഗ്രികളുടെ അളവ് നിശ്ചയിച്ചതിനുശേഷം ഒരു വർഷത്തേക്ക് ആവശ്യമുള്ള സാധനങ്ങൾക്ക് പർച്ചേസ് ഓർഡർ നൽകുകയും ഓരോ സാമഗ്രികളുടെയും പ്രതിമാസ ആവശ്യകതയ്ക്കനുസരിച്ച് വിതരണത്തിനുള്ള ഷെഡ്യൂൾ നൽകുകയുമാണ് ചെയ്യുന്നത്. ഇത്തരത്തിൽ ഷെഡ്യൂൾ പ്രകാരം ലഭിക്കുന്ന സാധനങ്ങൾ ഗുണനിലവാരം പരിശോധിച്ച ശേഷം സ്വീകരിക്കുന്നു. ഗ്യാരന്റി പീരിഡിൽ നിർമ്മാണ തകരാറ് സംഭവിക്കുകയാണെങ്കിൽ കമ്പനികളുമായി ബന്ധപ്പെട്ട് പകരം സാധനങ്ങൾ വാങ്ങിക്കുന്നുണ്ട്. കോർപ്പറേഷൻ സാമ്പത്തിക പ്രതിസന്ധി മൂലം പ്രായോഗിക ബുദ്ധിമുട്ട് നേരിടുന്നുവെങ്കിലും അത്യാവശ്യമായ എല്ലാ സാധനങ്ങൾക്കും മതിയായ സ്റ്റോക്ക് നിലനിർത്തുന്നുണ്ട്. |
| 32 | 154 | ഗതാഗതം | എംപാനൽകാരുടെ നിയമനവുമായി ബന്ധപ്പെട്ട രേഖകൾ കൃത്യമായി സൂക്ഷിക്കുന്ന കാര്യത്തിൽ നിഷ്കർഷ | എം.പാനൽ നിയമനവുമായി ബന്ധപ്പെട്ട രേഖകൾ കൃത്യമായി സൂക്ഷിക്കണമെന്ന് നിഷ്കർഷിച്ച് കെ.എസ്.ആർ.ടി.സി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| | | | വേണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. | |
| 33 | 156 | ഗതാഗതം | പുതിയ ഷെഡ്യൂളുകൾ, ജോലിയിൽ നിന്നും പെൻഷൻ പറ്റി പിരിയുന്നവർ, വികസന പ്രവർത്തനങ്ങളുടെ മുൻഗണനാക്രമം എന്നിവ കണക്കിലെടുത്ത് കൊണ്ട്, വരുന്ന അഞ്ചു കൊല്ലത്തേക്ക് ആവശ്യമായ സ്റ്റാഫിന്റെ എണ്ണം അടിസ്ഥാനമാക്കിയുള്ള റാങ്ക് ലിസ്റ്റ് ഓരോ കൊല്ലവും ജനുവരി മാസത്തിൽ തന്നെ പ്രസിദ്ധീകരിക്കണമെന്നും ഇക്കാര്യത്തിൽ പി.എസ്.സി യുമായി കൂടിയാലോചിച്ച് ആവശ്യമായ നടപടി സമയബന്ധിതമായി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. | ബസ് ബോഡി നിർമ്മാണത്തിന് ബ്ലാക്ക് സ്മിത്ത്, അപ്പോൾസ്റ്റർ, കോച്ച് ബിൽഡർ, വെൽഡർ, ഗ്ലാസ്കട്ടർ, ഇലക്ട്രീഷ്യൻ എന്നീ വിഭാഗങ്ങളിലുള്ള ജീവനക്കാരെയാണ് ആവശ്യമായുള്ളത്. ഓരോ വിഭാഗങ്ങളിലും ആവശ്യമായ എണ്ണം അനുബന്ധമായി ചേർക്കുന്നു.<br>31.03.2011 ൽ വിരമിച്ചവരുടെ എണ്ണം മുൻകൂറായി തന്നെ പി.എസ്.സി യിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. എന്നാൽ പ്രൊമോഷൻ നൽകിയതിലൂടെ ഉണ്ടായിട്ടുള്ള ഒഴിവുകളുടെ എണ്ണം കണക്കാക്കി വരുന്നതേയുള്ളൂ.<br>2008 സേവന വേതന കരാറിലെ വ്യവസ്ഥകൾ പ്രകാരം ഓരോ വിഭാഗത്തിലുമുള്ള ജീവനക്കാരുടെ സ്ട്രെങ്ത് എല്ലാ വർഷവും ജനുവരി മാസത്തിൽ പുതുക്കി നിശ്ചയിക്കുവാൻ വ്യവസ്ഥയുണ്ട്. ഓരോ വർഷവും അധികമായിച്ചേർത്ത ബസുകളും അധികമായി ആരംഭിച്ച ഷെഡ്യൂളുകളും ഓടിക്കുന്ന ഷെഡ്യൂളുകളും കണക്കിലെടുത്ത് വേണം നിശ്ചയിക്കേണ്ടതെന്നും നിഷ്കർഷിച്ചിട്ടുണ്ട്. ഓരോ വർഷവും ജീവനക്കാരുടെ എണ്ണം പുതുക്കി നിശ്ചയിക്കേണ്ട സാഹചര്യത്തിൽ 5 വർഷക്കാലത്തേക്ക് ഒഴിവുകൾ ഒന്നായി റിപ്പോർട്ട് ചെയ്യുവാൻ കഴിയില്ല. |
| 34 | 163 | ഗതാഗതം | ജീവനക്കാരുടെ വിഹിതമായി വക മാറ്റിയ എത്ര തുക പി.എഫ്. ലേയ്ക്ക് അടയ്ക്കാനു ണ്ടെന്ന് കണക്കാക്കണമെന്നും ഈ തുക കണ്ടെത്തുന്നതിന് ആവശ്യമാ | 01.04.2009 മുതൽ പി.എഫ് ഫണ്ടിലെ പ്രതിമാസ ബാക്കി ബാങ്കിൽ നിക്ഷേപിച്ചുവരുന്നു. ഈ ഇനത്തിൽ ട്രസ്റ്റ് ഫണ്ടിൽ 9,17,91,869/- രൂപ (ഒൻപത് കോടി പതിനേഴ് ലക്ഷത്തി തൊണ്ണൂറ്റൊന്നായിരത്തി എണ്ണൂറ്റി അറുപത്തി ഒൻപത് രൂപ |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| | | | യ നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. | മാത്രം) നിലവിൽ നിക്ഷേപമുണ്ട്. എന്നാൽ 06/10 നു ശേഷം കോർപ്പറേഷന്റെ സാമ്പത്തിക പരാധീനത കാരണം പി.എഫ് വിതരണത്തിനുള്ള തുക മാത്രമേ ലഭ്യമാകുന്നുള്ളൂ. 2010-11 കാലയളവിൽ 6,85,95,611/- രൂപ (ആറ് കോടി എൺപത്തിയഞ്ച് ലക്ഷത്തി തൊണ്ണൂറ്റയ്യായിരത്തി അറുനൂറ്റി പതിനൊന്ന് രൂപ മാത്രം) ട്രസ്റ്റ് ഫണ്ടിലേയ്ക്ക് ലഭിക്കാനുണ്ടെങ്കിലും ട്രസ്റ്റ് ഫണ്ടിൽ നിന്നും വിതരണം ചെയ്യേണ്ട പി.എഫ് ക്ലോഷർ തുക വർക്കിംഗ് ഫണ്ടിൽ നിന്നുമാണ് വിതരണം ചെയ്തുവരുന്നത്. 27.01.2011 ൽ നടന്ന ട്രസ്റ്റ് മീറ്റിംഗിൽ ടി തുക സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തുന്നതിനനുസരിച്ച് ട്രസ്റ്റ് ഫണ്ടിലേയ്ക്ക് മാറ്റാൻ കഴിയുമെന്ന് അറിയിച്ചിട്ടുണ്ട്. |
| 35 | 164 | ഗതാഗതം | സ്ഥാപനത്തിന്റെ പരസ്യം ടിക്കറ്റിൽ കൊടുക്കുന്നതിന് അവസരം ലഭ്യമാക്കു മ്പോൾ കടലാസ് തുടങ്ങിയവയുടെ ചെലവ് ആ സ്ഥാപനം വഹിക്കുമെന്ന തിനാൽ കോർ പ്പറേഷന്റെ സാമ്പത്തിക പ്രതിസന്ധിക്ക് തെല്ലൊരു ആശ്വാസം ലഭിക്കുന്നതിനുള്ള ഉപാധി എന്ന നിലയിൽ ഇക്കാര്യവും പരിഗണിക്കണമെ ന്ന് സമിതി ശിപാർശ ചെയ്യുന്നു. | ടിക്കറ്റിന് പുറത്ത് സ്ഥാപനങ്ങളുടെ പരസ്യം നൽകി ആനുകൂല്യം നേടുന്ന കാര്യത്തിൽ കോർപ്പറേഷൻ തുടക്കം മുതൽ ശ്രമം നടത്തി വരികയാണ്. 2003 ൽ കെ.ടി.ഡി.എഫ്.സി അവരുടെ പരസ്യത്തോടുകൂടി 1,40,750 എണ്ണം തെർമൽ പേപ്പർ ടിക്കറ്റ് റോളുകൾ കെ.എസ്.ആർ.ടി.സി യ്ക്ക് സൗജന്യമായി നൽകുകയും പിന്നീട് പിൻവാങ്ങുകയും ചെയ്തു.<br>തെർമൽ പേപ്പർ റോളുകൾ സൗജന്യമായി പരസ്യത്തോടു കൂടി കെ.എസ്.ആർ.ടി.സി യ്ക്ക് നൽകുന്നതിന് മൈക്രോ എഫ് എക്സ് എന്ന കമ്പനിയ്ക്ക് 2004, 2007 എന്നീ കാലഘട്ടങ്ങളിൽ ഓർഡർ നൽകിയിരുന്നു. എന്നാൽ രണ്ടു തവണയും കമ്പനി ടിക്കറ്റ് റോളുകൾ സപ്ലൈ ചെയ്തില്ല |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| | | | | ശ്രീ. സായി പേപ്പേഴ്സ് എന്ന കമ്പനിയ്ക്ക് പരസ്യത്തോടെയുള്ള ടിക്കറ്റ് റോളുകൾ സൗജന്യമായി സപ്ലൈ ചെയ്യുന്നതിന് 2004 ൽ ഓർഡർ നൽകിയിരുന്നു. എന്നാൽ ഈ കമ്പനിയും ടിക്കറ്റ് റോളുകൾ സപ്ലൈ ചെയ്തിട്ടില്ല.<br>ടിക്കറ്റ് റോളിൽ പ്രിന്റ് ചെയ്യുന്നതിനുള്ള പരസ്യം നേരിട്ട് സ്വീകരിക്കുവാൻ 2003-04 കാലഘട്ടത്തിൽ 3 പ്രാവശ്യം ടെൻഡർ ക്ഷണിച്ചിട്ടും പരസ്യം നൽകാൻ ഒരു സ്ഥാപനവും മുന്നോട്ടുവന്നില്ല.<br>2009 ലും 2010 ലും പരസ്യം പ്രിന്റ് ചെയ്യുന്നതിനുള്ള അവകാശത്തോട്ടുകൂടിയും പരസ്യമില്ലാതെയും റോളുകൾ സപ്ലൈ ചെയ്യുന്നതിന് ടെൻഡർ ക്ഷണിച്ചിരുന്നു. 2009 ൽ കേവലം 10 പൈസയുടെ വ്യത്യാസം മാത്രമാണ് പരസ്യത്തോട്ടുകൂടിയ റോളുകൾക്ക് ഓഫർ കിട്ടിയത്. എന്നാൽ 2010 ൽ പരസ്യത്തോട്ടുകൂടിയ റോളുകൾ സപ്ലൈ ചെയ്യാൻ ഒരു സ്ഥാപനവും മുന്നോട്ട് വന്നില്ല.<br>പരസ്യത്തോട്ടുകൂടി സൗജന്യമായി ടിക്കറ്റ് റോളുകൾ ലഭ്യമാക്കുന്നതിനുള്ള ശ്രമങ്ങൾ തുടരുന്നതാണ്. |
| 36 | 168 | ഗതാഗതം | സ്വകാര്യചടങ്ങുകൾ, വിനോദസഞ്ചാരം എന്നീ ആവശ്യങ്ങൾക്കായി സ്വകാര്യ വാഹനങ്ങളെയാണ് പൊതുജനങ്ങൾ ആശ്രയിക്കുന്നത്. പ്രസ്തുത ആവശ്യങ്ങൾക്കായി ആധുനിക സൗകര്യങ്ങളോട്ടുകൂടിയ ബസ്സുകളുടെ ലഭ്യതയെപ്പറ്റി കെ.എസ്.ആർ.ടി.സി. യിൽ അന്വേഷി | സ്വകാര്യചടങ്ങുകൾ, വിവാഹം, വിനോദസഞ്ചാരം തുടങ്ങിയ ആവശ്യങ്ങൾക്കായി കെ.എസ്.ആർ.ടി.സി. പ്രൈവറ്റ് ഹയർ വ്യവസ്ഥയിൽ ബസ് വാടകയ്ക്ക് നൽകി വരുന്നുണ്ട്. പൊതുജനങ്ങളെ ആകർഷിക്കുന്നതിലേക്കായി മിതമായ വാടക ഈടാക്കി അനന്തപുരി മോഡലിലുള്ള പുതിയ ബസുകളാണ് ഈ ആവശ്യങ്ങൾക്ക് നൽകി വരുന്നത്. സ്വകാര്യ കോൺട്രാക്ട് കാരിയേജുകളുടെ ചൂഷണത്തിൽ |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| | | | ക്കുന്നതായി സമിതിക്ക് മനസ്സിലാക്കാൻ കഴിഞ്ഞു. ആയതിനാൽ സ്വകാര്യ ചടങ്ങുകൾ, വിനോദസഞ്ചാരം തുടങ്ങിയ ആവശ്യങ്ങൾക്ക് ആധുനിക സൗകര്യങ്ങളോട്ടു കൂടിയ ബസ്സുകൾ മിതമായ നിരക്കിൽ ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. | നിന്നും ജനങ്ങളെ ഒരു പരിധി വരെ സഹായിക്കുവാൻ ഈ പദ്ധതി കൊണ്ട് കഴിയുന്നുണ്ട്. ഇതിനു പുറമെ വിദ്യാർത്ഥികൾക്കും, വിനോദസഞ്ചാരിക ൾക്കുമായി തിരുവനന്തപുരം സിറ്റിയിൽ ഡബിൾഡെക്കർ ബസ് ഉപയോഗിച്ച് ഹെരിറ്റേജ് സിറ്റി ടൂറിസം പാക്കേജിന്റെ ഭാഗമായി വിനോദയാത്രയും സംഘടിപ്പിച്ചുവരുന്നു. |
| 37 | 170 | ഗതാഗതം | ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ,പെൻഷൻ ആനുകൂല്യങ്ങൾ ഇവ നൽകുന്നതിനുള്ള വരുമാന സ്രോതസ്സ് ആയ ടിക്കറ്റ് ചാർജ് നിർണ്ണയവും മാനേജ്മെന്റിലെ തൊഴിലാളി പ്രാതിനിധ്യം ഉൾപ്പെടെയുള്ള കാര്യങ്ങൾ പഠന വിധേയമാക്കണമെന്നും ഇതിനായി വിദഗ്ദരുടെ പ്രത്യേക സമിതി രൂപീകരിക്കണമെന്നും പൊതുജനാഭി പ്രായം കൂടി കണക്കിലെടുക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. | ടിക്കറ്റ് ചാർജ് നിർണ്ണയവുമായി ബന്ധപ്പെട്ട കാര്യങ്ങൾ പരിശോധിച്ച് ശിപാർശ സമർപ്പിക്കുന്നതിലേക്കായി സംസ്ഥാനതലത്തിൽ രൂപീകരിച്ച ഫെയർ റിവിഷൻ കമ്മിറ്റി മുമ്പാകെ കെ.എസ്.ആർ.ടി.സി യുടെ വാദമുഖങ്ങൾ അവതരിപ്പിച്ചിട്ടുണ്ട്. അവ കൂടി കണക്കിലെടുത്താണ് കമ്മിറ്റി റിപ്പോർട്ട് തയ്യാറാക്കിയതും തുടർന്ന ബസ് ചാർജ് വർദ്ധിപ്പിച്ച് ഉത്തരവായതും. |
| 38 | 171 | ഗതാഗതം | ഓരോ ഷോപ്പിംഗ് കോംപ്ലക്സിനോട് ചേർന്ന് യാത്രക്കാർക്കായി വിശ്രമ മുറികൾ, ഡോർമിറ്ററി, ഹോട്ടൽ എന്നിവ ബി.ഒ.ടി. അടിസ്ഥാനത്തിൽ നിർമ്മിക്കുന്ന കാര്യം പരിഗണിക്കേണ്ടതാണെന്നും ഷോപ്പിംഗ് കോംപ്ലക്സുകളുടെ നിർമ്മാണം | എല്ലാ ഷോപ്പിംഗ് കോംപ്ലക്സിന്റെയും രൂപകല്പനയിൽ തന്നെ യാത്രക്കാർക്കായി വിശ്രമമുറികൾ, കാന്റീൻ, ഫുഡ്കോർട്ട്. ഡോർമിറ്ററി തുടങ്ങിയ ആധുനിക സൗകര്യങ്ങൾ ഉൾക്കൊളളിച്ചിട്ടുണ്ട്.<br>ഷോപ്പിംഗ് കോംപ്ലക്സുകളുടെ നിർമ്മാണം മോണിറ്റർ ചെയ്യുന്നതിന് പ്രത്യേക സംവിധാനം പരിഗണനയിലുണ്ട്. |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| | | | മോണിറ്റർ ചെയ്യുന്നതിന് പ്രത്യേക സംവിധാനം ആവശ്യമാണെന്നും സമിതി ശിപാർശ ചെയ്യുന്നു. | |
| 39 | 174 | ഗതാഗതം | ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം നിലവിലുള്ള രീതിയിൽ ബി.ഒ.ടി./റെന്റ് ഡെപ്പോസിറ്റ് അടിസ്ഥാനത്തിൽ മാത്രം തുടരുന്നതായിരിക്കും കൂടുതൽ അഭികാമ്യം എന്ന് സമിതി ശിപാർശ ചെയ്യുന്നു. | ഷോപ്പിംഗ് കോംപ്ലക്സുകളുടെ നിർമ്മാണം നിലവിലുള്ള രീതിയിൽ ബി.ഒ.ടി./റെന്റ് ഡെപ്പോസിറ്റ് അടിസ്ഥാനത്തിൽ മാത്രമായിരിക്കും തുടരുന്നത്. |
| 40 | 177 | ഗതാഗതം | വാഹനങ്ങളുടെ അറ്റകുറ്റപ്പണികൾ തീർത്തും, ഡ്രൈവർമാർക്ക് ശാസ്ത്രീയ പരിശീലനം നൽകിയും യാത്രക്കാരുടെ ക്ഷേമം ഉറപ്പവരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. | ബ്രേക്ക് ഡൗൺ കുറയ്ക്കുന്നതിനും അതുപോലെ തന്നെ യഥാസമയം വാഹനങ്ങളുടെ അറ്റകുറ്റപണികൾ കൃത്യമായി ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിനാവശ്യമുള്ള പരിശീലനവും നൽകി വരുന്നു. ഡ്രൈവർമാർക്ക് പരിശീലനം നൽകുന്നതിനായി കെ.എസ്.ആർ.ടി.സി തിരുവനന്തപുരം, എടപ്പാൾ, എറണാകുളം എന്നീ സ്ഥലങ്ങളിൽ സ്റ്റാഫ് ട്രയിനിംഗ് സെന്ററുകൾ രൂപീകരിച്ച് പരിശീലനം നൽകിവരുന്നു. |
| 41 | 179 | ഗതാഗതം | ഇൻഷ്വറൻസ് കവറേജ് ഇല്ലാതെ ബസ്സ് സർവ്വീസ് നടത്തുന്നതുകൊണ്ട് വലിയ ഭവിഷ്യത്തുകൾ ഉണ്ടാകുമെന്ന് സമിതിയ്ക്ക് ഉത്തമവിശ്വാസമുള്ള സാഹചര്യത്തിൽ ഒരു സമയപരിധി നിശ്ചയിച്ച് എല്ലാ സർവ്വീസുകളും ഇൻഷ്വറൻസ് പരിരക്ഷയുള്ളവയായി മാറ്റാൻ, ഫലപ്രദമായ നടപടി കോർപ്പറേഷന്റെ ഭാഗത്തുനിന്നും | ഹഡ്കോയിൽ നിന്നും വായ്പ എടുത്ത ബസ്സുകൾ നിരത്തിലിറക്കിയപ്പോൾ ഹഡ്കോ നിഷ്കർഷിച്ചത് പ്രകാരം ബഡ്ജറ്റ് സെക്ഷനിൽ നിന്നും ബോർഡ് നോട്ടീസ് തയ്യാറാക്കുകയും കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ ഇൻഷ്വറൻസ് പരിരക്ഷ എടുക്കുന്നതിന് 339-ാമത് ബോർഡ് പ്രകാരം തീരുമാനമെടുക്കുകയും ഇതിന് പുറമെയുള്ള വാഹനങ്ങളിൽ ഇൻഷ്വറൻസ് പരിരക്ഷ എടുക്കണമെന്ന സി.എം.ഡി.യുടെ നിർദ്ദേശ പ്രകാരം തേഡ്പാർട്ടി |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| | | | ഉണ്ടാകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. | ഇൻഷ്വറൻസ് പരിരക്ഷ എടുക്കുന്നതിനായി 345-ാം ബോർഡിൽ തീരുമാനത്തിൽ വയ്ക്കുകയും അതിൻപ്രകാരം ഇൻഷ്വറൻസ് എടുത്ത് വരികയുമാണ്. 345-ാമത് ബോർഡിന്റെ തീരുമാന പ്രകാരം ഫാസ്റ്റ് പാസഞ്ചർ ബസ്സിന് മുകളിലോട്ടുള്ള ബസ്സുകൾക്കാണ് ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നത്. പുതിയതായി നിരത്തിലിറക്കിയ ബസ്സുകൾക്കും ഇൻഷ്വർ ചെയ്യുവാൻ തീരുമാനമായിട്ടുണ്ട്. |
| 42 | 183 | ഗതാഗതം | കാലഘട്ടത്തിന്റെ ആവശ്യം കണക്കിലെടുത്ത് ജി.പി.എസ് പ്രാവർത്തികമാക്കാനുള്ള സാധ്യത പരിഗണിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. | കെ.എസ്.ആർ.ടി.സി യിൽ ജി.പി.എസ്സ്. സംവിധാനം നടപ്പിലാക്കാനുള്ള നടപടികൾ ഇതിനകം തന്നെ ആരംഭിച്ചു കഴിഞ്ഞു. താഴെ പറയുന്ന രണ്ട് തരം പ്രോജക്ടുകളാണ് പരിഗണനയിലുള്ളത്.<br>1. കെ.എസ്.ആർ.ടി,സി യ്ക്ക് യാതൊരു വിധ സാമ്പത്തിക ബാദ്ധ്യതയും വരുത്താതെ തെരഞ്ഞെടുത്ത സ്വകാര്യ സംരംഭകരിൽ നിന്നും സ്വകാര്യ ദർഘാസ് വഴി ബസ്സിനുള്ളിൽ ഡിസ്പ്ലേ ബോർഡ് ഉപയോഗിച്ച് പരസ്യം പ്രദർശിപ്പിക്കുവാനുള്ള അനുമതി നൽകികൊണ്ട് നടപ്പിലാക്കുക - ഇതിലേക്ക് പുതുക്കിയ നിബന്ധനകൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള ദർഘാസ് വിളിക്കുന്നതിനുള്ള നടപടി ആരംഭിച്ചു കഴിഞ്ഞു.<br><br>2. "പൊതുമേഖലയിലെ ഗതാഗത സംവിധാനം ശക്തിപ്പെടുത്തുക" എന്ന കേന്ദ്ര സർക്കാരിന്റെ പദ്ധതി പ്രകാരം 500 ബസ്സുകളിൽ ജി.പി.എസ്. സംവിധാനം (4 കോടി രൂപയുടെ പ്രോജക്റ്റ്) നടപ്പിലാക്കുന്നതിനുള്ള പദ്ധതി - കേന്ദ്ര |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| | | | | സർക്കാരും സംസ്ഥാന സർക്കാരും തുല്യമായി സാമ്പത്തിക സഹായം നൽകുന്ന ഈ പദ്ധതിക്ക് ഇതിനകം തന്നെ കേന്ദ്ര സർക്കാരിന്റെ അനുമതി ലഭിച്ചുകഴിഞ്ഞു. ദർഘാസ് നടപടികൾ എത്രയും വേഗം ആരംഭിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |
| 43 | 184 | ഗതാഗതം | ബസ്സുകളിൽ മുന്നിലും പിന്നിലും എന്ന പോലെ ഇടതുവശത്തു നടുവിൽ വിൻഡോയ്ക്ക് മുകളിലായി ഒരു ദിശാ ബോർഡ് കൂടി സ്ഥാപിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. | ബസ്സുകളിൽ മുന്നിലും പിന്നിലും കൂടാതെ മറ്റ് രണ്ട് വശങ്ങളിലും ദിശാ ബോർഡ് (റൂൾ 209) സർക്കാർ തന്നെ മാറ്റം വരുത്തുകയും അതിൻപ്രകാരം കെ.എസ്.ആർ.ടി.സി ബസുകളിലും മുന്നിലും പിന്നിലും കൂടാതെ ഇരു വശങ്ങളിലും ദിശാബോർഡ് സ്ഥാപിക്കുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുള്ളതാണ്. |
| 44 | 186 | ഗതാഗതം | അക്കൗണ്ടുകൾ പരിശോധിച്ചതിൽ അറ്റ മൂലധനത്തിന്റെ കുറവ് മൂലം കോർപ്പറേഷന്റെ ദൈനംദിന ചെലവുകൾ നിർവ്വഹിക്കുന്നതിന് പ്രയാസം നേരിടുന്നതായി കാണുന്നു. ഇത് ഒരു പരിധി വരെ പരിഹരിക്കുന്നതിന് സീസൺ ടിക്കറ്റ് സമ്പ്രദായം വഴി സാധിക്കുമെന്നതിനാൽ മലബാർ മേഖലയിൽ നടപ്പാക്കിയ സീസൺ ടിക്കറ്റ് സമ്പ്രദായം കാര്യക്ഷമമാക്കി മറ്റ് മേഖലകളിൽ കൂടി നടപ്പാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. | കാസർഗോഡ് - മംഗലാപുരം റൂട്ടിലാണ് പരീക്ഷണാർത്ഥം സീസൺ ടിക്കറ്റ് സമ്പ്രദായം കെ.എസ്.ആർ.ടി.സി ആദ്യമായി നടപ്പിലാക്കിയത്. 20 ദിവസത്തെ നിരക്കിൽ ഒരു മാസം (പരമാവധി 31 ദിവസം) യാത്ര ചെയ്യുവാൻ കഴിയുന്ന രീതിയിലാണ് ഈ പദ്ധതി നടപ്പിലാക്കിയിരുന്നത്. എന്നാൽ ഉദ്ദേശിച്ച രീതിയിൽ ഈ പദ്ധതിയിലേക്ക് കൂടുതൽ യാത്രക്കാരെ ആകർഷിക്കുവാൻ കഴിഞ്ഞിട്ടില്ല. എന്നിരുന്നാലും സംസ്ഥാനത്ത് മറ്റ് പല റൂട്ടുകളിലേക്കും ഈ പദ്ധതി വിപുലീകരിക്കുവാൻ കോർപ്പറേഷൻ ആലോചിച്ച് വരികയാണ്. |
| 45 | 189 | ഗതാഗതം | കരാർ പ്രകാരമുള്ള സർവ്വീസുകൾ | മോട്ടോർ വാഹന ചട്ട പ്രകാരം കേരളത്തിൽ ബർത്ത് |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| | | | എല്ലാം നടത്തുന്നതിന് കെ.എസ്.ആർ.ടി.സി ശ്രദ്ധ വയ്ക്കേണ്ടതും അതിനായി ബർത്ത് സൗകര്യം ഉൾപ്പെടെയുള്ള വോൾവോ ബസ്സുകളും വാങ്ങുന്നതിനായി വേണ്ട തുക സർക്കാർ ബഡ്ജറ്റിൽ വകകൊള്ളിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. | സൗകര്യമുള്ള സ്റ്റേജ് കാരിയേജ് സർവ്വീസുകൾ നടത്തുവാൻ അനുമതിയില്ല എന്ന വിവരം ശ്രദ്ധയിൽപ്പെടുത്തുന്നു. |
| 46 | 191 | ഗതാഗതം | ദീർഘദൂര ബസുകൾ ഉൾപ്പെടെയുള്ള സർവ്വീസുകൾ ക്ലീനിംഗ് നടത്താതെ ഓടിക്കുന്നത് തടയാൻ നടപടി വേണമെന്നും ഇതിന്റെ ഉത്തരവാദിത്വം ഒരു ഉദ്യോഗസ്ഥനിൽ നിക്ഷിപ്തമാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. | ദീർഘ ദൂര ബസുകൾ ഉൾപ്പെടെ കെ.എസ്.ആർ.ടി.സിയുടെ എല്ലാ വിധ വാഹനങ്ങളും കഴുകി വൃത്തിയാക്കുന്നതിന് മസ്ദൂർ, ഡെയ്‌ലി വേജസ്, കൂലി എന്നിവരെ നിയോഗിച്ചിട്ടുള്ളതാണ്. പ്രസ്തുത വാഹനങ്ങൾ സർവ്വീസ് ആരംഭിക്കുന്നതിന് മുമ്പ് കഴുകി വൃത്തിയാക്കിയിട്ടുണ്ട് എന്ന് ഉറപ്പു വരുത്തേണ്ട ചുമതല വാഹനം സർവ്വീസിനായി നൽകുന്ന വെഹിക്കിൾ സൂപ്പർവൈസർ, ഹെഡ്‌വെഹിക്കിൾ സൂപ്പർവൈസർ എന്നിവർക്ക് നൽകിയിട്ടുള്ളതാണ്. |
| 47 | 192 | ഗതാഗതം | നമ്മുടെ നിരത്തുകളിൽ നിന്നും അപ്രത്യക്ഷമായ വാഹനങ്ങളുടെയൊക്കെ ചിത്രങ്ങളും വിവരങ്ങളും എല്ലാ കാലഘട്ടത്തിലും ഓർമ്മിക്കപ്പെടണമെന്ന ആഗ്രഹം പ്രകടിപ്പിക്കുന്നതോടൊപ്പം ഇക്കാര്യങ്ങൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള ഒരു മ്യൂസിയം രൂപകല്പന ചെയ്ത് പൊതുജനങ്ങൾക്ക് | സെൻട്രൽ വർക്സിൽ ലഭ്യമായ മോഡലുകളും മറ്റ് ചിത്രങ്ങളും ഉൾപ്പെടുത്തിക്കൊണ്ട് എക്സിബിഷൻ കമ്പ്യൂട്ടർ സെന്ററിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ചിട്ടുണ്ടെങ്കിലും ഒരു മ്യൂസിയം സ്ഥിരമായി രൂപകല്പന ചെയ്യുന്ന കാര്യത്തിൽ ചർച്ചകൾ നടത്തി പല വിഭാഗത്തിന്റെയും പ്രവർത്തനം ഏകോപിപ്പിച്ച് തീരുമാനമെടുക്കേണ്ടതായിട്ടുണ്ട്. |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| | | | അറിവ് പകർന്ന് കൊടുക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. | |

തിരുവനന്തപുരം
2.7.2015

കെ.എൻ.എ. ഖാദർ,
ചെയർമാൻ,
പൊതുമേഖലാ സ്ഥാപനങ്ങളെ
സംബന്ധിച്ച സമിതി

അനുബന്ധം

| കാറ്റഗറി | സാങ്ഷൻഡ് സ്ട്രംഗ്ത് | അവയിലബിൾ സ്ട്രംഗ്ത് | ഷോർട്ട് | ഡീറ്റയിൽസ് ഓഫ് റിപ്പോർട്ടിംഗ് റ്റു പി.എസ്.സി |
|---|---|---|---|---|
| ബ്ലാക്ക് സ്മിത്ത് | 800 | 418 | 382 | 381 |
| കോച്ച് ബിൽഡർ | - | 117 | - | - |

(മെറ്റൽ കിറ്റ് ഉപയോഗിച്ചുള്ള ബോഡിയാണ് ഇപ്പോൾ നിരത്തിലിറക്കുന്നത് എന്നതിനാൽ കോച്ച് ബിൽഡർ തസ്തികയിലേക്ക് ഇനിമേൽ നിയമനം നടത്തേണ്ടതില്ലായെന്ന് തീരുമാനിച്ചു)

| കാറ്റഗറി | സാങ്ഷൻഡ് സ്ട്രംഗ്ത് | അവയിലബിൾ സ്ട്രംഗ്ത് | ഷോർട്ട് | ഡീറ്റയിൽസ് ഓഫ് റിപ്പോർട്ടിംഗ് റ്റു പി.എസ്.സി |
|---|---|---|---|---|
| അപ്പോൾസ്റ്റർ | 69 | 42 | 27 | 25 |
| പെയിന്റർ | 185 | 118 | 67 | 58 |
| ഗ്ലാസ് കട്ടർ | 3 | 2 | 1 | - |
| ഇലക്ട്രീഷ്യൻ | 236 | 1 | - | - |

(ഇലക്ട്രീഷ്യൻ തസ്തിക പി.എസ്.സി യ്ക്ക് വിട്ടിട്ടില്ല. കെ.എസ്.ആർ.ടി.സി യിൽ തന്നെയുള്ള മെക്കാനിക്കുകളിൽ നിന്നും തെരഞ്ഞെടുത്ത് നിയോഗിക്കുകയാണ് നിലവിലുള്ള രീതി. ഇപ്പോൾ സർവ്വീസിൽ ചേർന്ന മെക്കാനിക്കുകളിൽ നിന്നും ഇലക്ട്രിക്കൽ ട്രേഡിൽ യോഗ്യതയുള്ളവരെ റാങ്ക് ലിസ്റ്റ് അടിസ്ഥാനപ്പെടുത്തി നിയോഗിക്കുന്നതിനുള്ള നടപടികൾ പൂർത്തിയായി വരുന്നു.)